പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 259 06/10/2016 ൽ മറുപടി

**ഡിജിറ്റൽ പാഠപുസ്തകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.എസ്.ശിവകുമാർ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഡിജിറ്റൽ പാഠപുസ്തകങ്ങൾ നല്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കുന്ന സംവിധാനം 2008 മുതൽ ലഭ്യമാക്കി വരുന്നുണ്ട്. പാഠപുസ്തകങ്ങളുടെ ഡിജിറ്റൽ കോപ്പികൾ എസ് . സി . ഇ . ആർ . റ്റി . വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. നിലവിലുള്ള പാഠപുസ്തകങ്ങൾ സൈറ്റിൽ ലഭ്യമാണ്. ടീച്ചർ ടെക്സ്റ്റുകളുടെ ചില ഭാഗങ്ങളും മാതൃകാ ചോദ്യപേപ്പറുകളും ഈ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് സി.ഡിറ്റ് തയ്യാറാക്കിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിരുന്നോ; എങ്കിൽ അതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ; | (ബി) | ഇതിനായി ഡിജിറ്റൽ കൊളാബറേറ്റീവ് ടെക്സ്റ്റ് ബുക്ക് (ഡി.സി.റ്റി) എന്ന പോർട്ടൽ www.dct.kerala.gov.in എന്ന ഡൊമൈനിൽ ലഭ്യമാക്കിയിരുന്നു. ഈ പോർട്ടൽ ഉപയോഗിക്കുന്നതിന് അതിവേഗ ഇന്റർനെറ്റ് ലഭ്യമായ സ്ഥലങ്ങളിൽ പോലും പ്രയാസം നേരിട്ടു എന്നും ഉള്ളടക്കത്തിൽ വേണ്ടത്ര അക്കാദമിക് നിലവാരം പുലർത്തുന്നില്ലെന്നും ഐടി@സ്കൂളിന് റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് ഫലപ്രദമായ രൂപത്തിലുള്ള ഐ.സി.റ്റി. ഉള്ളടക്ക വിന്യാസമാണ് ഐടി@സ്കൂൾ നടപ്പാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ ക്കായി സി.ഡിറ്റ്-ന് 2,68,54,040 രൂപ നൽകിയിരുന്നു. |
| (സി) | ഡിജിറ്റൽ പാഠപുസ്തകങ്ങൾ പഠന സഹായിയായി മാറ്റാനുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | അദ്ധ്യാപകർക്കുള്ള ഐ.റ്റി. പരിശീലനങ്ങളിൽ ഡിജിറ്റൽ ഉള്ളടക്കം ഉപയോഗിക്കുന്നത് പ്രധാന ഇനമാണ്. പുതിയ ഹൈടെക് സ്കൂൾ പദ്ധതിയുടെ പശ്ചാത്തലത്തിൽ നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് സമഗ്രമായ ഐ.സി.റ്റി. പരിശീലന പദ്ധതി ഐടി@സ്കൂൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ